# മഹാത്മാഗാന്ധി സർവ്വകലാശാല

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2731020, 2732650
മൊബൈൽ: 9846720402

പി.ആർ.ഒ./39/162/2018 2018 ജൂലൈ 26

## പത്രക്കുറിപ്പ്

**എം.ജി. പി.ജി. ഏകജാലകം: രണ്ടാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു**

മഹാത്മാഗാന്ധി സർവ്വകലാശാലാ പി.ജി. ഏകജാലകം വഴിയുള്ള രണ്ടാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ ജൂലൈ 30ന് വൈകീട്ട് 4.30ന് മുമ്പായി ബന്ധപ്പെട്ട കോളേജുകളിൽ റിപ്പോർട്ട് ചെയ്യണം. അല്ലാത്തപക്ഷം അലോട്ട്മെന്റ് റദ്ദാക്കപ്പെടുന്നതാണ്.

**അപേക്ഷാ തീയതി**

അഫിലിയേറ്റഡ് കോളേജുകളിലെ ഒന്നാം സെമസ്റ്റർ ബി.എ. (ക്രിമിനോളജി) എൽ.എൽ.ബി. (ഓണേഴ്സ്) - 2011 അഡ്മിഷൻ സപ്ലിമെന്ററി, ബി.എ. എൽ.എൽ.ബി. പഞ്ചവത്സര ഇന്റഗ്രേറ്റഡ് (2012 - 2014 അഡ്മിഷൻ), ബി.എ. എൽ.എൽ.ബി. പഞ്ചവത്സര ഇന്റഗ്രേറ്റഡ് (2015 അഡ്മിഷൻ), പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.എ. എൽ.എൽ.ബി. (ഓണേഴ്സ് - 2016 അഡ്മിഷൻ മുതൽ)(റഗുലർ/സപ്ലിമെന്ററി), പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്), പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.കോം എൽ.എൽ.ബി. (ഓണേഴ്സ്) പരീക്ഷകൾ ആഗസ്റ്റ് 8 മുതൽ ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ജൂലൈ 30 വരെയും 50 രൂപ പിഴയോടെ 31 വരെയും 500 രൂപ സൂപ്പർഫൈനോടെ ആഗസ്റ്റ് 1 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ 100 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 20 രൂപ വീതവും (പരമാവധി 100 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**അശാന്തം 2018 – സർട്ടിഫിക്കറ്റുകൾ കൈപ്പറ്റണം**

മഹാത്മാഗാന്ധി സർവ്വകലാശാലാ യുവജനോത്സവം - അശാന്തം 2018ന്റെ വിജയികൾക്കുള്ള സർട്ടിഫിക്കറ്റുകൾ അതാത് കോളേജുകളിലേക്ക് അയച്ചിട്ടുണ്ട്. വിദ്യാർത്ഥികൾ കോളേജ് പ്രിൻസിപ്പലിൽ നിന്നും സർട്ടിഫിക്കറ്റുകൾ കൈപ്പറ്റേണ്ടതാണ്.

**പരീക്ഷാഫലം**

2017 ഏപ്രിൽ മാസത്തിൽ നടത്തിയ ഒന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് (2016 അഡ്മിഷൻ റഗുലർ/ 2016ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്ക് ആഗസ്റ്റ് 7 വരെ അപേക്ഷിക്കാം.

**എൻ.എസ്.എസ്. പ്രോഗ്രാം കോർഡിനേറ്റർ കരാർ നിയമനം**

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ എൻ.എസ്.എസ്. പ്രോഗ്രാം കോ-ഓർഡിനേറ്റർ തസ്തികയിലേക്ക് ഒരു വർഷത്തെ കരാറടിസ്ഥാനത്തിൽ നിയമനത്തിനായി അപേക്ഷകൾ ക്ഷണിച്ചു. എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസറായി മൂന്ന് വർഷത്തെ പ്രവൃത്തി പരിചയമുള്ള, അഫിലിയേറ്റഡ് കോളേജുകളിലോ സർവ്വകലാശാലകളിലോ അസ്സോസിയേറ്റ് പ്രൊഫസറായി വിരമിച്ച അദ്ധ്യാപകർ/അസ്സോസിയേറ്റ് പ്രൊഫസർ പദവിയിൽ കോളേജ് പ്രിൻസിപ്പൽമാരായി വിരമിച്ച എൻ.എസ്.എസ്. പ്രവർത്തന പരിചയമുള്ള അദ്ധ്യാപകർ എന്നിവർക്ക് അപേക്ഷിക്കാം. അപേക്ഷകർ ട്രെയിനിംഗ് ആന്റ് ഓറിയന്റേഷൻ സെന്റർ/ട്രെയിനിംഗ്, ഓറിയന്റേഷൻ ആന്റ് റിസർച്ച് സെന്റർ എന്നിവിടങ്ങളിൽ എൻ.എസ്.എസ്. ഓറിയന്റേഷൻ കഴിഞ്ഞവരായിരിക്കണം. ആഗസ്റ്റ് 1ന് 50നും 65നും ഇടയിൽ വയസ്സുള്ളവരായിരിക്കണം. അസോസിയേറ്റ് പ്രൊഫസർ തസ്തികയുടെ അടിസ്ഥാനശമ്പളമാണ് വേതനം. അപേക്ഷകർ ഓൺലൈൻ മുഖേന epay.mgu.ac.in എന്ന സൈറ്റിലെ Miscellaneous Category വഴി അപേക്ഷാഫോറത്തിന്റെ വിലയായ 750/- രൂപ ഒടുക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അസ്സൽ അപേക്ഷയോടൊപ്പം അപേക്ഷയുടെ 5 ഫോട്ടോകോപ്പികളും വയസ്, യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന സ്വയം സാക്ഷ്യപ്പെടുത്തിയ പ്രമാണങ്ങളും ഉള്ളടക്കം ചെയ്ത് കവറിന് പുറത്ത് പ്രോഗ്രാം കോ-ഓർഡിനേറ്റർ,

എൻ.എസ്.എസ്. തസ്തികയിലേക്കുള്ള അപേക്ഷ എന്ന് രേഖപ്പെടുത്തി ഡെപ്യൂട്ടി രജിസ്ട്രാർ 2 (ഭരണവിഭാഗം), മഹാത്മാഗാന്ധി സർവ്വകലാശാല, പ്രിയദർശിനി ഹിൽസ്, കോട്ടയം - 686560 എന്ന വിലാസത്തിൽ ആഗസ്റ്റ് 17ന് മുൻപായി സമർപ്പിക്കണം. വിശദവിവരങ്ങൾ സർവ്വകലാശാലാ വെബ് സൈറ്റിൽ ലഭ്യമാണ്.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**